**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1874 04.05.2017- ൽ മറുപടിക്ക്**

**"ചെറുകിട വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ. എ.സി.മൊയ്തീൻ |
| ,, വി. കെ. സി. മമ്മത് കോയ | (വ്യവസായവും സ്പോർട്സും |
| ,, എ. എൻ. ഷംസീർ | യുവജനകാര്യവും വകുപ്പ് മന്ത്രി) |
| ,, കെ.ഡി. പ്രസേനൻ | |

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിനു സംരംഭകരെ സഹായിക്കുന്നതിനും, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്. |
| ബി) | ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ ; | ബി) & സി) | ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനും വിപണി മെച്ചപ്പെടുത്തുന്നതിനും വ്യവസായ സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർ ദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി ബിസിനസ് ടു ബിസിനസ് മീറ്റ്, |

| | | | |
|---|---|---|---|
| സി) | ചെറുകിട വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നൂതന പദ്ധതികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | കേരളത്തിന്റെ തനതായ കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അതു വഴി കർഷകരുടെയും, വ്യവസായ സംരംഭകരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി അഗ്രോ ഫുഡ് പ്രോ, കേരളത്തിലെ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്താനായി എല്ലാ ജില്ലകളിലും വ്യവസായ എക്സിബിഷനുകൾ, ഓരോ പ്രദേശത്തെയും തനത് സാംസ്കാരിക മേളകളുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രദർശന വില്പന മേളകളിൽ എം.എസ്.എം.ഇ കളുടെ പങ്കാളിത്തം, എം.എസ്.എം.ഇ. - ഡി.ഐ -യുമായി സഹകരിച്ചുകൊണ്ട് നാഷണൽ ലെവൽ വെണ്ടർ ഡവലപ്മെന്റ് പ്രോഗ്രാമുകൾ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**